**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **11-09-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ച് വരുന്നത്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ നിലവിൽ ഒരു പ്രവൃത്തിയാണ് പുരോഗമിക്കുന്നത്. കോരങ്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി തണ്ണീർത്തടഭൂമി ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടാ യിരുന്നു. സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന്റെ കാലതാമസം മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിട്ടു. നിലവിൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതിനാൽ പഞ്ചായത്ത് റോഡിലേക്ക് ചേർത്തു ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. പരിവർത്തനാനുമതി ലഭിച്ച തണ്ണീർത്തട ഭൂമിയിലെ സ്ഥലമേറ്റെടുക്കൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നതാണ്. |
| (ബി) | മണ്ഡലത്തിലെ ചെമ്പരക്കി വിലങ്ങ് റോഡിലെ കനാൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ(ഫയൽ നം. പി.ഡബ്ല്യ.ഡി/ബി.ആർ/എഫ്.എൽ/8775/2022)? | (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ ചെമ്പറക്കി വിലങ്ങ് റോഡിലെ കനാൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേ- ഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ